സക്കാർ പുറംപോക്കിലും റിസർവ്വിലും നിന്നുള്ള കുടിയൊഴിപ്പിക്കൽ.

331. [21] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സക്കാർ വനഭൂമിയിലും, പുറംപോക്കുകളിലുംനിന്ന് ഭൂമിയില്ലാത്ത കൃഷിക്കാരെ തോട്ടമുടമകൾ ബലം പ്രയോഗിച്ചിറക്കിവിട്ടതായി പരാതി ലഭിച്ചിട്ടുണ്ടോ ; കഴിഞ്ഞ ആണ്ടിലും, ഈ കഴിഞ്ഞ വർഷത്തിലുമായി എവിടൊക്കെ നിന്നും എത്ര പരാതികൾ കിട്ടിയിട്ടുണ്ട് ; ആരൊക്കെ ആരെപ്പറ്റിയാണ് പരാതിപ്പെട്ടിട്ടുള്ളത് ; എന്തു മേൽ നടപടി നടത്തി ;

(ബി) നെയ്യാറ്റിൻകര, വിളവംകോട് താലൂക്കുകളിൽപ്പെട്ട കാണിപ്പുറവഭൂമിയിൽ പ്രവേശിച്ച് കൃഷിചെയ്യുന്ന സായുക്കളെ "ക്രോസ് ഫീൽഡ്" നൃത്തമ്പാടി എസ്റ്റേറ്റുടമകൾ ഗുണ്ടാകളുടെ സഹായത്തോടെ ഒഴിപ്പിക്കുകയും, അവരുടെ കൃഷി നശിപ്പിക്കുകയും, ഒരു കൃഷിക്കാരനെ പനച്ചമൂട്ടിനു സമീപത്തുവച്ച് കൊല്ലുകയും ഒക്കെ ചെയ്തതിനെപ്പറ്റി പരാതിയുണ്ടായിട്ടുണ്ടോ ; പള്ളിവാസലിനു സമീപമുള്ള "ബൈസൻ വാലി" എസ്റ്റേറ്റുടമസ്ഥനായ ശ്രീ. എ. സി. എം. അന്ത്രപ്പേരുടെ തോട്ടം മാനേജരും, ഗുണ്ടാകളും ചേർന്ന് ചുറ്റുപാടുമുള്ള സക്കാർ ഭൂമികളിൽ നിന്നു കൃഷിക്കാരെ ഹിംസിച്ചിറക്കിവിട്ടതായി പരാതിയുണ്ടായിട്ടുണ്ടോ ; തോട്ടം ഉടമകളുടെ ഇത്തരം ദ്രോഹങ്ങൾ തടയാൻ ഗവണ്മെൻറ് എന്തു നടപടി നടത്തിയിട്ടുണ്ട് ?

ഉത്തരം.

(എ) ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തിലും, ഈ കഴിഞ്ഞ സക്കാർ വർഷത്തിലുമായി കുന്നത്തൂർ എം. എൽ. എ. ശ്രീ. പി. ആർ. മാധവൻപിള്ള, റാന്നി എം. എൽ. എ. ശ്രീ. വയലാ ഇടിക്കുള, തിരുവിതാംകൂർ–കൊച്ചി കർഷകസംഘം സെക്രട്ടറി ശ്രീ. കുമ്പറ തങ്കപ്പൻ എന്നിവരിൽനിന്നും മൂന്നു പരാതികൾ കിട്ടിയിട്ടുണ്ട്. പരാതികൾ ചെങ്ങാര എസ്റ്റേറ്റ് സൂപ്രണ്ടിനെപ്പറ്റിയാണ്.

നിലവിലിരിക്കുന്ന റൂൾ അനുസരിച്ച് ഫാക്ട്സ് ഡിപ്പാർട്ടുമെൻറുമായി ആലോചിച്ച് കയ്യേറ്റക്കേസുകൾ തീർച്ചചെയ്യുന്നതിനും, ആ കേസുകളിൽപ്പെട്ട സ്ഥലം കുടികിപ്പാട്ടം കൊടുക്കുന്ന സംഗതികളെപ്പറ്റി തീരുമാനിക്കുന്നതിനും ഗവണ്മെൻറിൽനിന്നും 28–12–1954-ൽ എൽ. ഡിസ്. 11324/54/ആർ. ഡി. നമ്പരായി റവന്യൂബോർഡിനു നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പരാതികൾ ലഭിച്ചിട്ടില്ല.

മായന്നൂർ ഔഷധശാല.

332. [22] ശ്രീ. സി. സി. അയ്യപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തലപ്പിള്ളി താലൂക്കിലുള്ള മായന്നൂർ ഔഷധശാലക്ക് സപ്ലൈ ചെയ്തിട്ടുള്ള ഫർണിച്ചർ എന്തൊക്കെയാണ് ; ആ ഔഷധശാല ഗവണ്മെൻറ് സ്ഥലത്താണോ ; അല്ലെങ്കിൽ അതിനു വാടക കൊടുക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് കൊടുക്കുന്നില്ല ?

LIBRARY ARCHIVES Kerala Legislative Assembly